


അഭിമുഖം

●

അഹ്മദി നിജാദ് / ഫഹ്മീ ഹുവൈദി

# ‘മുപ്പത് വർഷത്തെ ഉപരോധം ഞങ്ങളെ തളർത്തിയില്ല’



ഫഹ്മീ ഹുവൈദി

ഞാൻ ഇപ്രാവശ്യം പ്രസിഡന്റ് അഹ്മദി നിജാദിനെ കണ്ടപ്പോൾ രണ്ട് കാര്യം പ്രത്യേകം ശ്രദ്ധിച്ചു. ഒന്ന്, ആറ് മാസം മുമ്പ് അദ്ദേഹത്തെ കണ്ടപ്പോൾ ധരിച്ചിരുന്ന വെണ്ണീറിന്റെ നിറമുള്ള അതേ കോട്ടു തന്നെയാണ് ഇപ്പോഴും ധരിച്ചിരിക്കുന്നത്. രണ്ട്, അദ്ദേഹത്തിന്റെ താടിയിലുള്ള വെള്ളി രോമങ്ങളുടെ എണ്ണം ഇരട്ടിയായിരിക്കുന്നു.

രണ്ടാമത്തെ കാര്യത്തെപ്പറ്റി അദ്ദേഹത്തോട് അന്വേഷിച്ചപ്പോൾ പറഞ്ഞത്, ജീവിതത്തിന്റെ സ്വഭാവമതാണല്ലോ എന്നാണ്. പ്രസിഡന്റ് തെരഞ്ഞെടുപ്പ് കോലാഹലങ്ങളുമായി അതിന് വല്ല ബന്ധവുമുണ്ടോയെന്ന് ഞാൻ ആരാഞ്ഞു. ആ കോലാഹലങ്ങൾ തന്നെ അശേഷം ബാധിക്കുകയുണ്ടായില്ലെന്നും താൻ അപ്പോഴും ‘നോർമൽ’ ആയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. തെരഞ്ഞെടുപ്പിന് ശേഷമുള്ള അവസ്ഥയെക്കുറിച്ച് ചോദിച്ചപ്പോൾ, താൻ കൂടുതൽ ശക്തനായിരിക്കുന്നുവെന്നായിരുന്നു മറുപടി. 29 മില്യൻ വോട്ടുകൾ കിട്ടി എന്നതു മാത്രമല്ല കാര്യം. ഇറാനികൾ വളരെ സന്ദിഗ്ധഘട്ടത്തിൽ വ്യക്തമായ തീരുമാനമെടുക്കുകയും ഇറാൻ വിപ്ലവമൂല്യങ്ങളോടുള്ള തങ്ങളുടെ പ്രതിബദ്ധത പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നുവെന്നും അദ്ദേഹം എടുത്തുപറഞ്ഞു.

**താങ്കൾ തെരഞ്ഞെടുപ്പിന് ശേഷം ശക്തനാവുകയും എന്നാൽ ഇറാൻ ഒരു രാഷ്ട്രമെന്ന നിലക്ക് ദുർബലമാവുകയും ഭിന്നിക്കുകയും ചെയ്തു വെന്ന് പറയാമോ?**

ഈ പ്രസ്താവന സൂക്ഷ്മമല്ല. വ്യക്തികൾ തമ്മിലും നിലപാടുകൾ തമ്മിലും മുമ്പും ഭിന്നതകളുണ്ടായിരുന്നു; ഫലസ്ത്വീൻ പ്രശ്നത്തോടുള്ള സമീപനത്തിന്റെയും ഫലസ്ത്വീൻ ചെറുത്തുനിൽപിനെ പിന്തുണക്കുന്നതിന്റെയും പേരിൽ പോലും. പക്ഷേ, ഇപ്രാവശ്യം പ്രതിയോഗികളുടെ ശൈലിയിൽ വ്യത്യാസമുണ്ടായി. അവർ പ്രശ്നത്തെ റോഡിലേക്ക് വലിച്ചിഴച്ചു. അതോടൊപ്പം ചില മാധ്യമങ്ങൾ ജനങ്ങളെ ഇളക്കിവിടാനും അകത്തും പുറത്തുമുള്ള ആളുകളെ വഴിതെറ്റിക്കാനും ശ്രമിച്ചു.

**തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെട്ട ശേഷം വിദേശ ഇടപെടലിനെ കുറിച്ച് താങ്കൾ പറയുകയുണ്ടായി. എന്താണതിന്റെ സ്വഭാവം? പറയുന്ന പോലെ ആ ഇടപെടൽ സംഭവിക്കുകയോ അതിന്റെ ലക്ഷ്യങ്ങൾ നേടു കയോ ചെയ്തിട്ടുണ്ടെങ്കിൽ രാജ്യത്തിന്റെ ആഭ്യന്തര സ്ഥിതി ഭദ്രമല്ലെന്നും 'നുഴഞ്ഞുകയറ്റ'ത്തിന് പഴുതുണ്ടെന്നുമല്ലേ കരുതേണ്ടത്?**

വിദേശ ഇടപെടൽ ഉണ്ടായിട്ടുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. ബ്രിട്ടൻ, ഫ്രാൻസ് പോലെയുള്ള രാജ്യങ്ങൾ ഔദ്യോഗിക പ്രസ്താവനകളിലൂടെയും വാർത്താ മാധ്യമങ്ങളിലൂടെയും പരമാവധി കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചു. *ബി.ബി.സി*യുടെ നിലപാടുകളും പരിപാടികളും അതിന്റെ വ്യക്തമായ തെളിവാണ്. ഇറ്റലിയെ പോലുള്ള രാജ്യങ്ങളുടെ എമ്പസികൾ പോലീസുമായുള്ള ഏറ്റുമുട്ടലിൽ പരിക്കേറ്റവരെ സ്വീകരിക്കുമെന്ന് പ്രഖ്യാപിച്ചു. പ്രകടനങ്ങളും റാലികളും കൊഴുപ്പിക്കാൻ ശ്രമിക്കുന്നതിനിടെ ചില എമ്പസി ഉദ്യോഗസ്ഥന്മാർ പിടികൂടപ്പെട്ടിരുന്നു. ചില വിഭാഗങ്ങളുമായി അവർ നടത്തിയ ആശയ വിനിമയങ്ങളും രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതിന്റെയൊന്നും പൂർണ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. എന്നാൽ യഥാസമയം അത് പുറത്തുവിടുന്നതാണ്.

'നുഴഞ്ഞുകയറ്റ'ത്തിന് പാകമാണ് ആഭ്യന്തര സ്ഥിതിയെന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. വിവിധ ആശയഗതിക്കാർ ഉൾക്കൊള്ളുന്ന 70 മില്യൻ ജനസംഖ്യയുള്ള ഒരു രാജ്യമാണ് ഇറാൻ. കുറച്ചാളുകൾ വിദേശ പ്രചാരണങ്ങളിൽ വീണുപോയിട്ടുണ്ടെങ്കിൽ തന്നെ ഭൂരിഭാഗവും അതിനെ ചെറുത്തു നിൽക്കുകയും ഇസ്ലാമിക വിപ്ലവ മൂല്യങ്ങളോടുള്ള കൂറ് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

**പാവങ്ങൾ താങ്കളെ അനുകൂലിച്ചപ്പോൾ അഭ്യസ്തവിദ്യരും സമൂഹത്തിന്റെ മേൽതട്ടിലുള്ളവരും മീർ മൂസവിക്ക് അനുകൂലമായാണ് വോട്ട് ചെയ്തത്. ഈ പ്രവണതയെ താങ്കൾ എങ്ങനെ വിശദീകരിക്കുന്നു?**

ഈ ധാരണ ശരിയല്ല. എനിക്ക് വോട്ട് ചെയ്തവരിൽ സമൂഹത്തിലെ എല്ലാ വിഭാഗവുമുണ്ട്. എനിക്ക് 29 മില്യൻ വോട്ടാണ് കിട്ടിയത്. രാജ്യത്ത് ദരിദ്രവിഭാഗങ്ങൾക്ക് 12 മില്യനിലധികം വോട്ടില്ല. അവരെല്ലാവരും എനിക്ക് വോട്ട് ചെയ്തെന്ന് സങ്കൽപിച്ചാൽപോലും 17 മില്യൻ വോട്ട് എനിക്ക് വേറെയും കിട്ടിയിട്ടുണ്ട്. അഥവാ പാവങ്ങളെ കൂടാതെ സമൂഹത്തിന്റെ വ്യത്യസ്ത ശ്രേണികളിൽ പെട്ട 17 മില്യൻ ആളുകൾ എന്നെ പിന്തുണക്കുന്നുണ്ടെന്നർഥം.

**താങ്കളും പ്രധാന എതിരാളി മീർ മൂസവിയും തമ്മിൽ 12 മില്യൻ വോട്ടിന്റെ വ്യത്യാസമാണുള്ളത്. ഇത് എന്റെ ആദ്യത്തെ ചോദ്യത്തെ സാധൂകരിക്കുന്നതല്ലേ?**

കഴിഞ്ഞ നാല് വർഷവും എന്റെ മുഖ്യ പരിഗണനയും ശ്രദ്ധയും ലഭിച്ച പാവപ്പെട്ടവർ എന്നെ പിന്തുണച്ച കാര്യം ഞാൻ നിഷേധിക്കുന്നില്ല. അതുപോലെ



**വിവിധ ആശയഗതിക്കാർ ഉൾക്കൊള്ളുന്ന 70 മില്യൻ ജനസംഖ്യയുള്ള ഒരു രാജ്യമാണ് ഇറാൻ. കുറച്ചാളുകൾ വിദേശ പ്രചാരണങ്ങളിൽ വീണുപോയിട്ടുണ്ടെങ്കിൽ തന്നെ ഭൂരിഭാഗവും അതിനെ ചെറുത്തു നിൽക്കുകയും ഇസ്ലാമിക വിപ്ലവ മൂല്യങ്ങളോടുള്ള കൂറ് ആവർത്തിച്ച് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.**

അഭ്യസ്തവിദ്യരും സമൂഹത്തിന്റെ മേൽതട്ടിലുള്ളവരും കൂടി എനിക്കും വോട്ട് ചെയ്തിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഇറാൻ രാഷ്ട്രീയത്തിലെ മുഖ്യ സമ്മർദശക്തികളിലൊന്നായ മൂന്നര മില്യൻ വരുന്ന യൂനിവേഴ്സിറ്റി വിദ്യാർഥികൾ പുതിയ അധ്യയന വർഷം ആരംഭിക്കുന്നതോടെ റോഡിലിറങ്ങുമെന്നും പ്രകടനങ്ങളും റാലികളും പുനരാരംഭിക്കുമെന്നുമായിരുന്നു ചിലർ കണക്കു കൂട്ടുകയും പ്രചരിപ്പിക്കുകയും ചെയ്തത്. പക്ഷേ ഒന്നും സംഭവിച്ചില്ല!

**തെരഞ്ഞെടുപ്പിൽനിന്ന് താങ്കൾ പഠിച്ച പാഠമെന്താണ്?**

ജനങ്ങളുടെ പുതിയ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റാൻ കൂടുതൽ അധ്വാനിക്കേണ്ടതുണ്ടെന്ന് ഞാൻ മനസ്സിലാക്കി. അതോടൊപ്പം, നാമൊരിക്കലും സങ്കൽപിക്കാത്ത തരത്തിലുള്ള തന്ത്രങ്ങളും ശൈലികളുമായി ജനങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കുന്ന ശത്രുക്കളുടെ നേരെ എപ്പോഴും ഒരു കണ്ണുണ്ടായിരിക്കണമെന്ന് ഞാൻ പഠിച്ചു. സർവോപരി ജനങ്ങളെ എളുപ്പം വഞ്ചിക്കാൻ ആവില്ലെന്നും, വഴിതെറ്റിക്കാനുള്ള ആസൂത്രിത നീക്കങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അവർ യഥാതഥമായി കാര്യങ്ങൾ മനസ്സിലാക്കി ശരിയായ നിലപാടിലേക്ക് തിരിച്ചുവരുമെന്നും ഞാൻ ഈ തെരഞ്ഞെടുപ്പിലൂടെ തിരിച്ചറിഞ്ഞു.

**ഗവൺമെന്റിൽ പങ്കാളിത്തം വഹിക്കാൻ മൂന്ന് വനിതകളെ നിർദേശിച്ചതിലൂടെ എന്ത് സന്ദേശമാണ് താങ്കൾ നൽകാനുദ്ദേശിച്ചത്?**

ആളുകളെ തെരഞ്ഞെടുക്കുന്നതിൽ എന്റെ ഏക മാനദണ്ഡം യോഗ്യത മാത്രമായിരുന്നു. നിർദേശിക്കപ്പെട്ട മൂന്ന് വനിതകളും തികച്ചും യോഗ്യരായിരുന്നു. പക്ഷേ, പാർലമെന്റിന്റെ അഭിപ്രായം മറ്റൊന്നായിരുന്നു. ഒരാളെ അംഗീകരിച്ചു; രണ്ടുപേരെ നിരാകരിച്ചു.

**ഖുമ്മിലെ ചില അധികാര കേന്ദ്രങ്ങളുടെ എതിർപ്പിനെ അവഗണിച്ച് ആദ്യമായി ഒരു വനിതാ മന്ത്രിയെ നിയമിച്ച ശേഷം വനിതാ ഗവർണർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നതായി കേൾക്കുന്നു. ശരിയാണോ?**

എന്തുകൊണ്ട് പറ്റില്ല? യോഗ്യതയാണ് മാനദണ്ഡമെങ്കിൽ വിവിധ പദവികളിൽ ആളുകളെ നിയമിക്കുന്നതിൽ ആൺപെൺ വ്യത്യാസം കൽപിക്കുന്നത് ശരിയല്ല.

**പരിഷ്കരണവാദികളെ ഗവൺമെന്റിൽ പങ്കാളിയാക്കാൻ പരിപാടിയുണ്ടോ?**

ഒന്നാമതായി അവർ തെരഞ്ഞെടുപ്പിൽ തോറ്റു. അതേസമയം പാർലമെന്റി

ലുള്ള പ്രാതിനിധ്യത്തിലൂടെ അവർ ഒരു തരത്തിൽ ഭരണകാര്യങ്ങളിൽ പങ്ക് വഹിച്ചുകൊണ്ടിരിക്കുന്നു. അതിലുപരി ഗവൺമെന്റിൽ അവരെയെന്തിന് പങ്കാളികളാക്കണം? രണ്ടാമതായി, യഥാർഥത്തിൽ, ഞങ്ങളെല്ലാവരും പരിഷ്കരണ വാദികൾ തന്നെയാണ്. കഴിഞ്ഞ നാല് വർഷത്തെ ഞങ്ങളുടെ ചരിത്രം അത് തെളിയിക്കുന്നുണ്ട്. ഞങ്ങളും അവരും തമ്മിലുള്ള ഒരേയൊരു വ്യത്യാസം, ഞങ്ങൾ മുഴുസമയവും പ്രവർത്തിക്കുന്നു, അവർ മുഴുസമയവും സംസാരിച്ചുകൊണ്ടിരിക്കുന്നുവെന്നത് മാത്രമാണ്.

**തെരഞ്ഞെടുപ്പ് 'ഫയൽ' അടച്ചു കഴിഞ്ഞോ? അറസ്റ്റ് ചെയ്യപ്പെട്ട എത്ര ആളുകളെയാണ് വിചാരണ ചെയ്തത്?**

എന്നെ സംബന്ധിച്ചേടത്തോളം അത് ഒരു അടഞ്ഞ അധ്യായമാണ്. എന്റെ ഭാവിപദ്ധതികളും പരിപാടികളും എന്നെ പിന്തിരിഞ്ഞു നോക്കാൻ അനുവദിക്കാത്തത്ര ബൃഹത്താണ്. വിചാരണയുടെ കാര്യം പൂർണമായും ജഡ്ജിമാരുടെ കൈകളിലാണ്.

**ഉപഭോഗ വസ്തുക്കൾക്ക് സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നതായി പത്രവാർത്തയുണ്ടായിരുന്നു. എന്താണ് യാഥാർഥ്യം?**

ഞങ്ങൾ സമർപ്പിച്ച സാമ്പത്തിക പരിഷ്കരണ പരിപാടികൾ പാർലമെന്റ് അംഗീകരിച്ചിട്ടുണ്ട്. 188 അംഗങ്ങൾ അനുകൂലിച്ചപ്പോൾ 45 പേർ മാത്രമാണ് എതിർത്തത്. പരമാവധി നീതി നടപ്പാക്കുകയാണ് ഈ പദ്ധതിയുടെ കാതൽ. അടിസ്ഥാന ഉപഭോഗസാധനങ്ങൾക്ക് സബ്സിഡി നൽകാനും പാവങ്ങൾക്ക് സാമ്പത്തിക സഹായം നൽകാനും ഇൻഷുറൻസ് പരിധി വികസിപ്പിക്കാനും പെൻഷൻ സംഖ്യ ഉയർത്താനും ഉദ്ദേശിക്കുന്നുണ്ട്. അതോടൊപ്പം പെട്രോൾ ആശ്രയത്വം പരമാവധി കുറക്കാനും മറ്റു വ്യവസായങ്ങളിൽ കൂടി ശ്രദ്ധ കേന്ദ്രീകരിക്കാനും പദ്ധതിയുണ്ട്.

**സാമ്പത്തിക മാന്ദ്യം ഇറാനെ എത്രകണ്ടു ബാധിച്ചു?**

നാമമാത്രമായിട്ടേ ഇറാനെ സാമ്പത്തിക മാന്ദ്യം ബാധിച്ചിട്ടുള്ളൂ. ഉപരോധം കാരണം വിദേശ രാജ്യങ്ങളെ ഞങ്ങൾ വളരെ കുറച്ചേ അവലംബിച്ചിരുന്നുള്ളൂവെന്നതാണ് ഒരു കാരണം. രണ്ടാമതായി സ്വയം പര്യാപ്തതക്ക് ഞങ്ങൾ നൽകുന്ന പരിഗണനയാണ്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ഇറാന് ലോകരാഷ്ട്രങ്ങൾക്കിടയിൽ 17-ാം സ്ഥാനമുണ്ട്. ഓട്ടോമൊബൈൽ വ്യവസായത്തിന് ലോകമാകെ തിരിച്ചടി നേരിട്ടിട്ടും ഇറാനിൽ ഒന്നും ബാധിച്ചിട്ടില്ല.

**ഇറാനികൾ ഒരു ഉൽപാദക സമൂഹമല്ല, ഉപഭോക്തൃ സമൂഹമാണെന്ന പ്രസ്താവനയോട് താങ്കൾ യോജിക്കുന്നുണ്ടോ?**

ശരിയാണ്. ഇറാൻ എണ്ണ ഉൽപാദക രാജ്യമായതിനാൽ എണ്ണവില ഇറാനിൽ വളരെ കുറവാണ്. പെട്രോൾ ഞങ്ങളെ എന്നും കാത്തുകൊള്ളുമെന്നാണ് സമൂഹത്തിന്റെ വിശ്വാസം. അതിനാൽ ഉപഭോഗത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണവുമില്ല. എന്നാൽ 75 ശതമാനം ഇറാനികൾക്കും സ്വന്തമായി വീടുണ്ട്. 25 ശതമാനം ആളുകൾ മാത്രമേ വാടക വീടുകളിൽ താമസിക്കുന്നുള്ളൂ.

**ഇറാനെതിരെ ഉപരോധം ശക്തിപ്പെടുത്തുമെന്ന ഫ്രഞ്ച് പ്രസിഡന്റിന്റെ ഭീഷണിയെപ്പറ്റി?**

ഫ്രഞ്ച് ഗവൺമെന്റ് ഇരുട്ടിൽ തപ്പുകയാണ്; എന്താണ് ചെയ്യേണ്ടതെന്ന് അവർക്കു തന്നെ അറിയില്ല. ഭീഷണിയുടെ ഭാഷ കാലഹരണപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. കഴിഞ്ഞ മുപ്പത് വർഷമായി ഞങ്ങൾ ഉപരോധം കൊണ്ടും ഭീഷണികൊണ്ടും വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നിട്ടും, അതി

**ഇറാനും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള ബന്ധം അപകടപ്പെടുത്താൻ ചില പാശ്ചാത്യ രാജ്യങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇറാൻ സന്ദർശിക്കുന്ന ഉത്തരവാദപ്പെട്ട ഗൾഫ് നേതാക്കൾ തന്നെ ഈ കാര്യം ചൂണ്ടിക്കാട്ടാറുണ്ട്. ഞങ്ങളുടെ സൗഹൃദത്തിന്റെ കൈ ഗൾഫു രാജ്യങ്ങളിലേക്ക് എപ്പോഴും നീണ്ടുകിടക്കുകയാണ്. ഞങ്ങൾ പരസ്പരം സന്ദർശിക്കാറുണ്ട്. ഞാൻ നാല് പ്രാവശ്യം സുഊദി സന്ദർശിച്ചു.**



നിടയിൽ ഇറാൻ ആർക്കും അവഗണിക്കാൻ കഴിയാത്ത ഒരു ശക്തിയായി മാറിക്കഴിഞ്ഞില്ലേ?

**ഇറാൻ സ്വയം യുറേനിയം സമ്പുഷ്ടീകരണം നടത്തുന്നതിനെക്കുറിച്ചും, സമ്പുഷ്ട യുറേനിയം പുറത്തുനിന്ന് വാങ്ങുന്നതിനെക്കുറിച്ചും വാർത്തകളുണ്ടല്ലോ?**

വിവിധ തരത്തിലുള്ള യുറേനിയമുണ്ട്. യുറേനിയം സമ്പുഷ്ടമാക്കാനുള്ള സാങ്കേതിക കഴിവ് ഇറാനുണ്ട്. ഊർജാവശ്യത്തിനുള്ള 3.5 ശതമാനവും യുറേനിയം സമ്പുഷ്ടീകരിക്കാൻ ഇറാന് കഴിയും. ഔഷധ നിർമാണത്തിനാവശ്യമായതിന്റെ 20 ശതമാനം യുറേനിയം സമ്പുഷ്ടീകരിക്കാനും ഞങ്ങൾക്ക് പ്രാപ്തിയുണ്ട്. പക്ഷേ ഇതിന്റെ ഉൽപാദനത്തിന് മറ്റേത് രാജ്യവുമായും സഹകരിക്കാൻ ഞങ്ങൾ തയാറാണ്. ലോക സമൂഹം ഞങ്ങളെ വിശ്വാസത്തിലെടുക്കാനാണിത്. ഈ കാര്യത്തിൽ അടുത്ത ആഴ്ചകളിൽ ഞങ്ങൾ വ്യക്തമായ ഒരു തീരുമാനത്തിലെത്തും.

**നാല് ഇറാനിയൻ ശാസ്ത്രജ്ഞരുടെ തിരോധാനത്തിന്റെ സത്യാവസ്ഥ എന്താണ്? ശഹ്റാം അമീരിയെന്ന ശാസ്ത്രജ്ഞൻ സുഊദിയിൽ ഉംറ നിർവഹിച്ച ശേഷം അപ്രത്യക്ഷനായെന്നാണല്ലോ പറയുന്നത്? ഖുമ്മിലെ ആണവ നിലയവുമായി അദ്ദേഹത്തിന് ബന്ധമുണ്ടോ?**

അപ്രത്യക്ഷരായ ശാസ്ത്രജ്ഞരെ അമേരിക്കൻ രഹസ്യന്വേഷണ ഏജൻസി റാഞ്ചിയതാണ്. ഇത് സംബന്ധിച്ചുള്ള വ്യക്തമായ തെളിവുകൾ ഇറാന്റെ പക്കലുണ്ട്. ഖുമ്മിലെ ആണവ നിലയവുമായി ശഹ്റാം അമീരിക്ക് യാതൊരു ബന്ധവുമില്ല.

**അന്താരാഷ്ട്ര വേദികളിൽ പങ്കാളിത്തം നൽകണമെന്ന നിർദേശത്തിന്റെ വിശദാംശങ്ങൾ?**

ഉച്ചകോടികളിൽ ഇറാൻ സമർപ്പിച്ച നിർദേശങ്ങളിൽ പെട്ടതാണിത്. രണ്ടാം ലോക യുദ്ധത്തിന് ശേഷം പരിമിതമായ ചില രാജ്യങ്ങൾ ലോക കാര്യങ്ങൾ നിയന്ത്രിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ലോകത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ കണക്കിലെടുത്ത് ഇതിലും മാറ്റങ്ങളുണ്ടാവണമെന്ന് ഇറാൻ ആഗ്രഹിക്കുന്നു. അന്താരാഷ്ട്ര വേദികൾ ഭൂമിശാസ്ത്ര യാഥാർഥ്യങ്ങളെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. ഇറാന്റെ പ്രാധാന്യത്തിനും കിടപ്പിനുമനുസരിച്ച പങ്കാളിത്തം

ഈ വേദികളിൽ ഇറാന് ലഭിക്കണം.

**തുർക്കിക്കും ഇതേ ആഗ്രഹമുണ്ട്. എങ്കിലെന്തുകൊണ്ട് ഇറാൻ തുർക്കിയെ പോലെ അയൽ രാജ്യങ്ങളുമായി രഞ്ജിപ്പിലെത്താൻ ശ്രമിക്കുന്നില്ല? വളരെ കയ്പുറ്റ ഗതകാല ചരിത്രം പങ്കു വെക്കുന്ന അർമീനിയയുമായുള്ള ബന്ധത്തിൽപോലും തുർക്കി വളരെ പുരോഗതി നേടിയിരിക്കുന്നുവല്ലോ?**

ചോദ്യം മനസ്സിലായില്ല; ഒന്നുകൂടി വ്യക്തമാക്കാമോ?

**ഇറാന്റെ സൈനിക ആണവ പദ്ധതികളെക്കുറിച്ച് ഗൾഫ് രാജ്യങ്ങൾക്ക് സംശയങ്ങളുണ്ട്....?**

ഇറാനും ഗൾഫ് രാജ്യങ്ങളുമായുള്ള ബന്ധത്തെ തുർക്കിയും അർമീനിയയുമായുള്ള ബന്ധവുമായി താരതമ്യപ്പെടുത്തരുത്. കാരണം അവർ തമ്മിലുണ്ടായിരുന്നതുപോലുള്ള രക്തപങ്കിലമായ ബന്ധമല്ല ഞങ്ങളും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ളത്.

രണ്ടാമതായി, ഇറാനും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള ബന്ധം അപകടപ്പെടുത്താൻ ചില പാശ്ചാത്യ രാജ്യങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഇറാൻ സന്ദർശിക്കുന്ന ഉത്തരവാദപ്പെട്ട ഗൾഫ് നേതാക്കൾ തന്നെ ഈ കാര്യം ചൂണ്ടിക്കാട്ടാറുണ്ട്.

മൂന്നാമതായി, ഞങ്ങളുടെ സൗഹൃദത്തിന്റെ കൈ ഗൾഫു രാജ്യങ്ങളിലേക്ക് എപ്പോഴും നീണ്ടുകിടക്കുകയാണ്. ഞങ്ങൾ പരസ്പരം സന്ദർശിക്കാറുണ്ട്. ഞാൻ നാല് പ്രാവശ്യം സുഊദി സന്ദർശിച്ചു. ദുബൈ ഭരണാധികാരിയും ഒമാൻ സുൽത്താനും ഇറാൻ സന്ദർശിച്ചു. ഇറാൻ ഗൾഫ് മേഖലക്ക് ഭീഷണിയാണെന്ന വാദത്തിന് ഒരു അടിസ്ഥാനവുമില്ലെന്ന് അവർക്കറിയാം.

**നേതാക്കളുടെ മക്കളുടെ അവിഹിത സമ്പാദ്യത്തെക്കുറിച്ച് ടെഹ്റാനിൽ സംസാരമുണ്ട്. താങ്കളുടെ മക്കളുടെ സ്ഥിതിയെന്താണ്?**

എനിക്ക് മൂന്ന് ആൺകുട്ടികളാണുള്ളത്. മൂത്തയാൾ ആർക്കിടെക്റ്റാണ്. രണ്ടാമത്തെയാൾ മെക്കാനിക്കൽ എഞ്ചിനീയർ. ഇവർ രണ്ടുപേരും ഉദ്യോഗസ്ഥരാണ്. മറ്റ് യാതൊരു ബിസിനസ് ഇടപാടും ഇവർക്കില്ല. മൂന്നാമത്തെയാൾ കമ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിദ്യാർഥിയാണ്. ഇവരുടെ ഉമ്മയും എഞ്ചിനീയറാണ്. അതിനാൽ ഞങ്ങളുടേത് ഒരു എഞ്ചിനീയർ കുടുംബമാണെന്ന് പറയാം. ■

(ദോഹയിൽനിന്ന് പുറത്തിറങ്ങുന്ന *അശ്ശർഖ്* ദിനപത്രം ഒക്ടോബർ 27-ന് പ്രസിദ്ധീകരിച്ചത്)

**വിവ: എ.കെ അബ്ദുന്നാസിർ, ദോഹ**